**അടിയന്തരപ്രമേയം**

## നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: തുടർച്ചയായി സംസ്ഥാനത്തെ പൊതുവിതരണം സ്തംഭിക്കുന്നതുമൂലവും പൊതു വിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതുമൂലവും മാവേലി സ്റ്റോറുകളിൽ അത്യാവശ്യസാധനങ്ങൾ ലഭ്യമല്ലാത്തതിനാൽ വിലക്കയറ്റം അനിയന്ത്രിതമായതിനാൽ ജനങ്ങൾ നേരിടുന്ന ദുരിതംമൂലവും വാതിൽപ്പടി വിതരണം അടക്കമുള്ള സപ്ലൈകോയുടെ ടെൻഡർ നടപടികൾ സ്തംഭിച്ചതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. അനൂപ് ജേക്കബ്, പി. ടി. തോമസ്, കെ. എം. ഷാജി എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, അടിയന്തരപ്രമേയത്തിൽ പറയുംപ്രകാരമുള്ള ഒരു സ്തംഭനാവസ്ഥയും കേരളത്തിലെ പൊതുവിതരണരംഗത്ത് നിലനിൽക്കുന്നില്ല. കാര്യങ്ങൾ വളരെ ന്യായമായി മുന്നോട്ടുപോവുകയാണ്. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള അരിവിതരണം

നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചത് നവംബർ മാസത്തിലാണ്. എന്നാൽ കൊല്ലം ജില്ലയിൽ മാർച്ച് മാസത്തിൽ അതിന്റെ പ്രധാനപ്പെട്ട ഘടകമായ വാതിൽപ്പടി വിതരണം ആരംഭിക്കാൻ കഴിഞ്ഞു. ആ ജില്ലയിൽ ഫലപ്രദമായ രീതിയിൽ വാതിൽപ്പടി വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. അതിനുശേഷം തെരഞ്ഞെടുത്ത ആറു ജില്ലകളായ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ വാതിൽപ്പടി വിതരണത്തിനുള്ള അരി സംഭരിച്ചുകൊണ്ടിരിക്കുകയാണ്. ഈ മാസം മുതൽ വാതിൽപ്പടി വിതരണം ആറു ജില്ലകളിലും ഫലപ്രദമായി നടപ്പാക്കും. ശേഷിക്കുന്ന ഏഴ് ജില്ലകളിൽക്കൂടി വാതിൽപ്പടി വിതരണത്തിനുള്ള അരി സംഭരണം ഈ മാസം ഏറ്റെടുക്കുകയാണ്. അടുത്ത മാസം ആ ഏഴ് ജില്ലകളിലും വാതിൽപ്പടി വിതരണം നടത്തും. അതോടെ സംസ്ഥാനത്തൊട്ടാകെ എൻ.എഫ്.എസ്.എ പ്രകാരമുള്ള വാതിൽപ്പടി വിതരണം പൂർണ്ണമാകും. അതോടുകൂടി നമ്മുടെ സംസ്ഥാനത്ത് പൊതുവിതരണ രംഗത്തുണ്ടായിരുന്ന മുഴുവൻ ഇടനിലക്കാരെയും പരിപൂർണ്ണമായി ഒഴിവാക്കാൻ കഴിയും. ഈ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പത്ത് കേസുകളാണ് ഹൈക്കോടതിയിലുണ്ടായിരുന്നത്. അവസാനത്തെ കേസ് തീർപ്പായത് ഏപ്രിൽ 5-നാണ്. ഈ പത്ത് കേസുകളും തള്ളിക്കൊണ്ട് ഗവൺമെന്റ്

കൈക്കൊണ്ട നടപടികളെ ഹൈക്കോടതി ശരിവയ്ക്കുകയാണുണ്ടായത്. അക്കാര്യത്തിൽ നമുക്ക് യാതൊരു പ്രയാസവും ഉണ്ടായില്ല. വാതിൽപ്പടി വിതരണത്തിന് ധാന്യവിതരണം നടത്തേണ്ട വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അത് അവസാനഘട്ടത്തിലാണ്. റേഷൻ കടകളിൽ സ്ഥാപിക്കേണ്ട ഇ-പോസ് മെഷീന്റെ ടെണ്ടർ നടപടികഴിഞ്ഞു, അതും അവസാനഘട്ടത്തിലാണ്. ഈ മാസം അവസാനമോ അടുത്ത മാസം ആദ്യമോ പൂർണ്ണമായി ഇ-പോസ് സംവിധാനം എല്ലാ റേഷൻ കടകളിലും സ്ഥാപിച്ചുകൊണ്ട് റേഷൻസംവിധാനത്തിൽ നിലനിന്നിരുന്ന എല്ലാ ക്രമക്കേടുകളോടും വിടപറയാൻ കഴിയും. അങ്ങനെ സുതാര്യമായ പൊതുവിതരണം കേരളത്തിൽ ഉറപ്പാക്കാൻ കഴിയും. കേന്ദ്രം 14.25 ലക്ഷം മെട്രിക് ടൺ ധാന്യമാണ് നമുക്ക് തരുന്നത്. എൻ.എഫ്.എസ്.എ പ്രകാരം അതാണ് അനുവദിച്ചിട്ടുള്ളത്. ആ വിഷയങ്ങളെക്കുറിച്ച് ഈ സഭയിൽ ഒട്ടേറെ ചർച്ചകൾ നടന്നതാണ്. എന്തുകൊണ്ടാണ് 14.25 ലക്ഷമായി നമ്മുടെ വിഹിതം കുറഞ്ഞത്; നമുക്ക് ലഭിക്കേണ്ടിയിരുന്നത് അതിനേക്കാൾ കൂടുതലാണ്. ആ കാര്യങ്ങളെല്ലാം വളരെ വിശദമായി ഈ സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. ഈ സഭ തന്നെ വെട്ടിക്കുറച്ച വിഹിതം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

ഐകകണ്ഠ്യേന പ്രമേയം പാസാക്കിയിട്ടുണ്ട്. അതിനുശേഷം മുഖ്യമന്ത്രി സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടി പൊതുതീരുമാനമെടുത്ത് കേന്ദ്രത്തെ സമീപിക്കുകയുണ്ടായി. നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന 14.25 ലക്ഷം മെട്രിക് ടൺ ധാന്യമാണ്. എ.എ.വൈ കുടുംബങ്ങൾക്ക് 35 കിലോഗ്രാം ധാന്യം കൊടുക്കുന്നുണ്ട്. പ്രയോറിറ്റി അനുസരിച്ച് ശേഷിക്കുന്ന 129 ലക്ഷം ആളുകൾക്ക് ഒരാൾക്ക് 5 കിലോഗ്രാം പ്രകാരം ധാന്യം കൊടുക്കുന്നുണ്ട്. നോൺ പ്രയോറിറ്റി സബ്സിഡി എന്ന നിലയിൽ സംസ്ഥാനം നൽകുന്ന സബ്സിഡി പ്രകാരം 121 ലക്ഷം ആളുകൾക്ക് 2 കിലോഗ്രാം ധാന്യംവീതം കൊടുക്കുന്നുണ്ട്. നോൺ പ്രയോറിറ്റി വിഭാഗത്തിന് കൊടുക്കാൻ ശേഷിക്കുന്നത് 2 കിലോ അരി ആയിരുന്നെങ്കിൽ രണ്ട് മാസം കഴിഞ്ഞപ്പോൾ അത് നാല് കിലോയും പിന്നീട് ആറ് കിലോയും ആയി. കഴിഞ്ഞ മാസം മുതൽ എട്ട് കിലോ ഗ്രാം ധാന്യം കൊടുക്കുകയാണ്. വാതിൽപ്പടി വിതരണം നടത്തിയ കൊല്ലം ജില്ലയിൽ അരി മിച്ചമായി. അതിന്റെ അടിസ്ഥാനത്തിൽ നോൺ പ്രയോറിറ്റി സെയിൽസ് സബ്സിഡിയിലെ ഒരു വ്യക്തിക്ക് കൊടുക്കുന്ന രണ്ട് കിലോ ധാന്യത്തിന് പകരം മൂന്ന് കിലോ ധാന്യം കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ മൂന്ന് കിലോ ധാന്യം അവിടെ പ്രത്യേകമായി വിതരണം ചെയ്തു. സംസ്ഥാനത്തെമ്പാടും ധാന്യവിതരണം നടപ്പാക്കുമ്പോൾ

തീർച്ചയായും ഇതിലും വ്യത്യാസപ്പെടുത്താൻ കഴിയും. ഇപ്പോഴും അധികധാന്യം ലഭിക്കുന്നതിന് സമ്മർദ്ദങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പൊതുവിതരണ രംഗത്തെക്കുറിച്ച് പഠിക്കാനും എൻ.എഫ്.എസ്.എ നടപ്പാക്കുന്നതിന്റെ പുരോഗതി ശ്രദ്ധിക്കാനും പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി കേരളത്തിൽ വരികയുണ്ടായി. അവരുടെ മുന്നിൽ നമ്മൾ ഈ വിഷയം ഉന്നയിച്ചപ്പോൾ പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി, കേരളത്തിന് അർഹതപ്പെട്ട വിഹിതം കൊടുക്കണം എന്ന് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്രത്തോട് ആവശ്യപ്പെടുകയുണ്ടായി.

ഇവിടെ പറഞ്ഞ മറ്റൊരുകാര്യം വിലക്കയറ്റത്തിന്റെ പ്രശ്നമാണ്. ധാന്യവിതരണം ആരംഭിക്കുന്ന സന്ദർഭത്തിൽ ചില പ്രയാസങ്ങളുണ്ടായി. ഒന്ന്, നമുക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട വിഹിതം കുറഞ്ഞു. ആ ധാന്യം നവംബർ-ഡിസംബർ മാസങ്ങളിൽ വിതരണം ചെയ്യുന്നതിന് ചില പ്രയാസങ്ങളുണ്ടായി. അതോടൊപ്പം ആന്ധ്രാ പ്രദേശിൽ നിന്നും നമ്മുടെ പൊതുമാർക്കറ്റിലേയ്ക്കുള്ള അരി വരവ് കുറഞ്ഞു. ഈ സാഹചര്യത്തിൽ ആന്ധ്രാ പ്രദേശിൽ നിന്നുള്ള ജയ അരിയുടെ വിലയിൽ അൽപ്പം വർദ്ധനവുണ്ടായി. കിലോയ്ക്ക് പത്ത്-പന്ത്രണ്ട് രൂപയുടെ വർദ്ധനവുണ്ടായി. ഇന്നലെ ആ വിഷയം സഭയിൽ ചർച്ച ചെയ്തതാണ്.

34/-, 35/-, 36/- രൂപ വിലയുണ്ടായിരുന്ന അരി 47/-, 48/- രൂപയിലേയ്ക്കെത്തി. എന്നാൽ അത്തരം സാഹചര്യത്തിൽ സംസ്ഥാനത്തെ ജനങ്ങൾക്ക് പ്രയാസമുണ്ടാകാതിരിക്കാൻ ആന്ധ്രാ പ്രദേശിൽ നിന്നുള്ള മില്ലുടമകളെ നേരിട്ട് ഇ-ടെണ്ടറിൽ പങ്കെടുപ്പിക്കാനും പഞ്ചാബ്, ഗുജറാത്ത്, കർണ്ണാടക എന്നിവിടങ്ങളിൽനിന്നും ജയയ്ക്ക് സമാനമായ അരി സംസ്ഥാനത്ത് കൊണ്ടുവരാനും കൂടാതെ ബംഗാളിൽ നിന്ന് അരി കൊണ്ടുവന്ന് പ്രത്യേകമായി വിതരണം ചെയ്യാനും സാധിച്ചു. അങ്ങനെ കുറഞ്ഞ വിലയ്ക്ക് അരി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റേയും സഹകരണ വകുപ്പിന്റേയും കീഴിൽ വ്യാപകമായി അരിക്കടകൾ നടത്തിക്കൊണ്ട് വിലക്കയറ്റത്തെ നമുക്ക് പിടിച്ചുനിർത്താൻ കഴിഞ്ഞു. ഇപ്പോൾ ജയ അരിയുടെ വില 35/-, 36/- രൂപയിലേയ്ക്ക് താഴ്ന്ന എന്നുള്ളതാണ് വസ്തുത. അങ്ങനെ അരിയുടെ വിലക്കയറ്റത്തെ തടഞ്ഞുനിർത്താൻ കഴിഞ്ഞു. അരി വില കൂടുമ്പോൾ സംസ്ഥാനത്ത് പലവ്യഞ്ജനങ്ങളുടെ വിലയും സാധാരണ കൂടാറുണ്ട്. എന്നാൽ ഈ സന്ദർഭത്തിലും ഇവിടെ പലവ്യഞ്ജനങ്ങൾക്ക് വില കുറയുകയാണ് ചെയ്തത്. എല്ലാ പയറുവർഗ്ഗങ്ങൾക്കും വില കുറഞ്ഞു. പലവ്യഞ്ജന ഉൽപ്പന്നങ്ങൾ എന്നുപറയുമ്പോൾ 1-8-2016-ൽ ചെറുപയറിന് 97 രൂപ 20 പൈസയുണ്ടായിരുന്നത് ഏപ്രിൽ

മാസമായപ്പോൾ 83 രൂപ 29 പൈസയായി കുറഞ്ഞു. ഉഴുന്ന് 169 രൂപ 29 പൈസയുണ്ടായിരുന്നത് 107 രൂപ 29 പൈസയായി കുറഞ്ഞു. വൻകടല 109 രൂപ 38 പൈസയായിരുന്നത് 99 രൂപ 14 പൈസയായി കുറഞ്ഞു. വൻപയർ 84 രൂപ 80 പൈസയായിരുന്നത് 76 രൂപ 79 പൈസയായി കുറഞ്ഞു. തുവര 147 രൂപ 71 പൈസയായിരുന്നത് 93 രൂപ 36 പൈസയായി, മുളക് 164 രൂപ 29 പൈസയായിരുന്നത് 96 രൂപ 71 പൈസയായി, മല്ലി 114 രൂപ 21 പൈസയായിരുന്നത് 100 രൂപ 57 പൈസയായി. അങ്ങനെ എല്ലാ പലവ്യഞ്ജനങ്ങളുടേയും വില കുറയുകയാണ് ചെയ്തത്. വില കൂടിയത് പച്ചക്കറിയ്ക്കും വെളിച്ചെണ്ണയ്ക്കും പഞ്ചസാരയ്ക്കുമാണ്. അത് നമ്മുടെ കൺട്രോളിൽ വരുന്ന കാര്യങ്ങളല്ല. കാലാവസ്ഥയിൽ വരുന്ന വ്യതിയാനം പച്ചക്കറിയുടെ ആഭ്യന്തര ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചു. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറി വരവ് കുറഞ്ഞു. അന്യസംസ്ഥാനങ്ങളിലുള്ള പച്ചക്കറികളോട് നമുക്ക് പൊതുവിലുള്ള സമീപനവും പ്രധാന ഘടകങ്ങളായി. എന്നാൽ ഇപ്പോൾ പച്ചക്കറിയ്ക്ക് വില കുറഞ്ഞുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ഉൽപ്പാദനം വർദ്ധിച്ചു. ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ-യും ഫലപ്രദമായ ഇടപെടൽ നടത്തി. വിഷുവിന് നല്ല ബിസിനസ്സ് നടത്തി. അരിയുടെ വിലനിയന്ത്രണം നടത്താൻ

ഒ.എം.എസ്.എസ്. പ്രകാരം എഫ്.സി.ഐ.-യിൽ നിന്ന് അരിയെടുത്തു. ഇവിടെത്തന്നെയുള്ള കുട്ടനാടൻ റൈസ് വിലകുറച്ച് കമ്പോളത്തിലിറക്കി. അങ്ങനെ ഗവൺമെന്റ് ഒട്ടേറെ നടപടികൾ വിപുലമായ അടിസ്ഥാനത്തിൽ നടത്തി. സംസ്ഥാനത്തെമ്പാടും അരിക്കടകളും നടത്തി, അങ്ങനെയാണ് വിലക്കയറ്റത്തെ പ്രതിരോധിക്കാൻ കഴിഞ്ഞത്.

പലവ്യഞ്ജനങ്ങളും നിത്യോപയോഗ സാധനങ്ങളും മാവേലിസ്റ്റോറുകളിൽ ലഭ്യമല്ലെന്ന് പറയുന്നത് ശരിയല്ല. നമ്മുടെ സംസ്ഥാനത്തെ മാവേലിസ്റ്റോറുകളുടെ 1538 ഔട്ട്ലെറ്റുകൾ വളരെ ഫലപ്രദമായി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. മാവേലിസ്റ്റോറുകൾ വഴി വിൽപ്പന നടത്തുന്ന ഉൽപ്പന്നങ്ങളുടെ വളർച്ച സർവ്വകാല റെക്കോർഡ് ഭേദിച്ച് മുന്നോട്ട് പോകുകയാണ്. ഈ മാസവും കഴിഞ്ഞ മാസങ്ങളിലുമെല്ലാം നല്ല കച്ചവടമാണ് നടക്കുന്നത്. അത് കുറെക്കൂടി വ്യാപകമാക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഗവൺമെന്റ് തീരുമാനിച്ച അക്കാര്യത്തിൽ ഒരു വ്യതിയാനംപോലും നടത്താതെ അക്ഷരാർത്ഥത്തിൽ നൂറ് ശതമാനവും നടപ്പിലാക്കുകയാണ് സപ്ലൈക്കോ ചെയ്യുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ജനങ്ങളോട് പറഞ്ഞ ഒരു വാഗ്ദാനം സപ്ലൈക്കോ വഴി വിതരണം ചെയ്യുന്ന പതിമൂന്നിനം ഉൽപ്പന്നങ്ങൾക്ക്

ഒരു നയാപൈസയുടെ വിലവർദ്ധനവ് ഉണ്ടാകില്ലെന്നാണ്. ആ തീരുമാനം പരിപൂർണ്ണമായും നടപ്പിലാക്കുകയാണ്. അതുകൂടാതെ എഫ്.സി.ഐ.-യിൽ നിന്നും കിട്ടുന്ന പുഴക്കലരിയും പച്ചരിയും ഉൾപ്പെടെ വിലകുറച്ച് വിൽക്കുകയാണ്. നോൺ സബ്സിഡി ഉൽപ്പന്നങ്ങൾക്കും വില കൂട്ടിയിട്ടില്ല. അതിൽ ചില ഐറ്റങ്ങൾക്ക് വില കുറഞ്ഞിട്ടേയുള്ളൂ. ഇതാണ് നമ്മുടെ സാഹചര്യം. പൊതുവിതരണ രംഗം കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിച്ചു, അത് ഫലപ്രദമായി മുന്നോട്ട് പോകുന്നു. പൊതുവിതരണ സമ്പ്രദായത്തിൽ സപ്ലൈക്കോ ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതും വളരെ ഫലപ്രദമാണ്. ജനങ്ങൾക്ക് ഉപകാരപ്രദമായി ഈ രംഗങ്ങളിലെല്ലാം ഫലപ്രദമായി പ്രവർത്തിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ആ പ്രവർത്തനങ്ങൾ ഇനിയും വളരെ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകും. അതുകൊണ്ട് അത്തരമൊരു സാഹചര്യത്തിൽ ഈ സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരാവശ്യവുമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. അനൂപ് ജേക്കബ് : സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. തിലോത്തമൻ വിശദമായി ആദ്യംതന്നെ മറുപടി നൽകുകയുണ്ടായി. ഇവിടെ യാതൊരു സ്തംഭനാവസ്ഥയുമില്ലെന്ന് പറയുമ്പോൾ, അദ്ദേഹം യാഥാർത്ഥ്യങ്ങളെ

മറച്ചുവയ്ക്കുകയാണ് ചെയ്യുന്നത്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേരളത്തിലെ റേഷൻമേഖല സ്തംഭിച്ചുവെന്നത് വിസ്മരിക്കാൻ കഴിയില്ല. നവംബർ, ഡിസംബർ മാസങ്ങളിൽ ചില വിഷയങ്ങളും പ്രതിസന്ധികളും ഉണ്ടായിട്ടുണ്ടെന്ന കാര്യം അദ്ദേഹംതന്നെ ഇപ്പോൾ പറഞ്ഞു. ഇന്ന് അദ്ദേഹം 177-ാം നമ്പർ നക്ഷത്ര ചോദ്യത്തിന് നൽകിയ മറുപടിയിൽ പറഞ്ഞത് കേന്ദ്രം നൽകിയ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ കുറവാണ് സമീപകാലത്തുണ്ടായ അരിയുടെ വിലവർദ്ധനവിന് കാരണമായിട്ടുള്ളതെന്നാണ്. യഥാർത്ഥത്തിൽ അവർ നൽകിയ ഭക്ഷ്യധാന്യ വിഹിതം കുറഞ്ഞുവെന്നത് ഒരു ഭാഗത്ത് നിൽക്കുന്നു. അതുമാത്രമല്ല അരിയുടെ രൂക്ഷമായ വിലക്കയറ്റത്തിന് ഇടയാക്കിയത്. അതൊരു വസ്തുതയായിരുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ നമ്മൾ ചർച്ച നടത്തിയിരുന്നു. റേഷൻ മേഖല സ്തംഭിച്ചതുകൊണ്ടാണ് കേരളത്തിലെ അരിയുടെ വില ക്രമാതീതമായി വർദ്ധിച്ച്, ചരിത്രത്തിൽ ആദ്യമായി അൻപത് രൂപയിൽ എത്തിച്ചേർന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ശ്രീ. എം. ഉമ്മർ ഈ വിഷയം സംബന്ധിച്ച് അടിയന്തര പ്രമേയം ഉന്നയിക്കുകയുണ്ടായി. ആ അടിയന്തര പ്രമേയത്തിനുശേഷമാണ് ഇവിടെ അരിക്കടകൾ തുടങ്ങാൻ ഗവൺമെന്റ് തയ്യാറായത്. എന്തുകൊണ്ടാണ് കഴിഞ്ഞ നവംബർ, ഡിസംബർ മാസങ്ങളിൽ

റേഷൻ മേഖലയിൽ സ്തംഭനാവസ്ഥ ഉണ്ടായതെന്ന് ചിന്തിക്കണം. ഇവിടെ തൊഴിൽ തർക്കം ഉടലെടുത്തു, ആ തൊഴിൽ തർക്കം പരിഹരിക്കുന്നതിൽ ഗവൺമെന്റ് സ്വീകരിച്ച മെല്ലെപ്പോക്ക് നയമാണ് ആ വിഷയത്തിലേയ്ക്ക് കൊണ്ടെത്തിച്ചത്. അരിക്കടകൾ തുടങ്ങി, വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിച്ചു. പക്ഷേ നടപടികൾ സ്വീകരിച്ചത് മൂന്നുനാല് മാസങ്ങൾ പിന്നിട്ടതിനുശേഷമാണ്. ആ മൂന്നുനാല് മാസങ്ങൾ പിന്നിട്ടപ്പോൾ ഇടനിലക്കാരുടെയും കരിഞ്ചന്തക്കാരുടെയും മുന്നിലേയ്ക്ക് കേരളത്തിലെ സാധാരണക്കാരെ ഈ ഗവൺമെന്റ് തള്ളിവിട്ടിരുന്നു എന്ന് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അപ്പോൾ അങ്ങനെയൊരു അനുഭവം ഒരുഭാഗത്ത് നിൽക്കുന്നുണ്ട്. വിലക്കയറ്റമുണ്ടായപ്പോൾ ഈ സർക്കാരിന്റെ കൈ പൊള്ളിയില്ലേ? അൻപത് രൂപവരെ അരിക്ക് വിലകൂടിയെന്ന കാര്യം അങ്ങേയ്ക്കുമറിയാം. പ്രതിപക്ഷം വളരെ ശക്തമായി ഉന്നയിച്ചതിനുശേഷമാണ് അരിക്കടകൾ തുടങ്ങിയത്. ഇപ്പോൾ വീണ്ടും റേഷൻമേഖല സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങുന്നു, അത് വ്യാപാരികളുടെ സമരത്തിന്റെ രൂപത്തിലാണെന്ന് മാത്രം. ഇന്നലെ ചർച്ച നടത്തി, 20-ാം തീയതിവരെ താൽക്കാലികമായി നിർത്തിവച്ചുവെന്ന് പത്രവാർത്തകളിലൂടെ കാണാനിടയായി. ഞാൻ വ്യാപാരികളുടെ സമരത്തെയൊന്നും ന്യായീകരിക്കുന്നില്ല.

ഞാൻ മന്ത്രിയായിരുന്ന സന്ദർഭത്തിൽ അതിനെ എതിർത്തിട്ടുണ്ട്, ഇപ്പോഴും ഞാൻ അതിനെ എതിർക്കുന്നു, അത് മറ്റൊരുകാര്യം.  ഇവിടെ വ്യാപാരികൾ എന്തുകൊണ്ട് സമരത്തിലേയ്ക്ക് പോകുന്നു തുടങ്ങിയ വിഷയങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. കെ. രാജൻ, താങ്കൾ ഇരിക്കൂ..പ്ലീസ്.

ശ്രീ. അനൂപ് ജേക്കബ് : സർ, ഇവിടെ സർക്കാർ കൊടുത്ത ഉറപ്പിൽനിന്നും .......(ബഹളം..)... അടിയന്തര പ്രമേയം അവതരിപ്പിച്ച് കഴിഞ്ഞതിനുശേഷം നിങ്ങൾക്ക് ബഹളം വയ്ക്കാമല്ലോ. അദ്ദേഹം സംസാരിച്ചത് ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നല്ലോ; എന്തിനാണ് സുഹൃത്തേ വെറുതെ ബഹളം വയ്ക്കുന്നത്?

മി. സ്പീക്കർ : അങ്ങ് ചെയറിനെ നോക്കി സംസാരിക്കൂ..

ശ്രീ. അനൂപ് ജേക്കബ് : സർ, ഇവർ എന്തിനാണ് അസ്വസ്ഥരാകുന്നത്? ഞാൻ ഇതുവരെയായിട്ടും എന്തെങ്കിലും അനാവശ്യ വാക്കുകൾ പറഞ്ഞോ? ഇവർ വളരെ അസ്വസ്ഥരാകുകയാണ്. ശബ്ദംകൊണ്ട് യാഥാർത്ഥ്യങ്ങളെ മൂടിവയ്ക്കുവാൻ കഴിയില്ലെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം.

മി. സ്പീക്കർ : അങ്ങ് ചെയറിനോട് സംസാരിക്കൂ..

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ സർക്കാർ കൊടുത്ത ഉറപ്പുകളിൽനിന്നും

പിൻവാങ്ങുന്ന സാഹചര്യമുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി റേഷൻ വ്യാപാരികളുമായി ചർച്ച നടത്തി, അദ്ദേഹം തുറന്ന ഒരു സമീപനം അക്കാര്യത്തിൽ സ്വീകരിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഓണറേറിയം, വേതനം, ഇൻസെന്റീവ് തുടങ്ങിയ അനവധി വിഷയങ്ങൾ അവർ മുന്നോട്ട് വച്ചു. അക്കാര്യത്തിൽ സിവിൽ സപ്ലൈസ് ഡയറക്ടർ ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിക്കുകയും അതിൽ അൻപത് രൂപ ഇൻസെന്റീവ് നൽകാമെന്ന് ശിപാർശ ചെയ്യുവാനും തത്വത്തിൽ ഇത്തരം കാര്യങ്ങൾ ഗവൺമെന്റ് അംഗീകരിക്കുകയുമുണ്ടായി. പിന്നീട് അക്കാര്യത്തിൽനിന്നും ഗവൺമെന്റ് പിന്നോട്ട് പോകുന്ന സാഹചര്യം വന്നു. അവർക്ക് ഇൻസെന്റീവ് അല്ലെങ്കിൽ ഓണറേറിയം കൊടുക്കുമ്പോഴുണ്ടാകുന്ന അധിക ബാദ്ധ്യതകളായിരിക്കും ഒരുപക്ഷേ ഗവൺമെന്റിനെ അതിൽനിന്നും പിന്നോട്ടടിച്ചത്. പക്ഷേ, ഭക്ഷ്യമന്ത്രി എന്ന ശ്രീ. പി. തിലോത്തമൻ അവിടെയൊരു വ്യക്തിയല്ല, അദ്ദേഹമൊരു മന്ത്രിയാണ്. ന്ത്രി ചർച്ചയിൽ ഒരുറപ്പ് നൽകുമ്പോൾ അത് ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്തമാണ്. ആ കൂട്ടുത്തരവാദിത്തം നടപ്പിലാക്കുന്നതിനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. 430 കോടി രൂപ അധിക ബാദ്ധ്യതയുണ്ടാകുമെന്ന് പറഞ്ഞ് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് അതിനെ എതിർത്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ ഒരു കാര്യം

ശ്രദ്ധിക്കേണ്ടത് ഗവൺമെന്റ് ഏതെങ്കിലും തരത്തിലുള്ള ഉറപ്പുകൾ കൊടുത്തിട്ടുണ്ടെങ്കിൽ അത് പാലിക്കുവാനുള്ള സാഹചര്യം ഗവൺമെന്റ് ഒരുക്കണം. ഇവിടെ സമരം ഒരിക്കലും ഭൂഷണമല്ല. റേഷൻ മേഖല ഇനിയും സ്തംഭിച്ചാൽ, അതിന്റെ വക്കോളം വീണ്ടും എത്തുകയാണ്. വീണ്ടും സ്തംഭിച്ചാലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചെറുതായിരിക്കില്ല. അതിന്റെ അനുഭവം ഏതാനും മാസങ്ങൾക്ക് മുമ്പ് നമ്മൾ കണ്ടതാണ്. അതുകൊണ്ടുതന്നെ അത്തരത്തിലുള്ള വിഷയങ്ങൾ പരിഹരിക്കുവാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പംതന്നെ റേഷൻ കടകളുടെ എണ്ണം വെട്ടിച്ചുരുക്കുവാനുള്ള നടപടികളിലേയ്ക്ക് ഗവൺമെന്റ് കടക്കുന്നതായി കാണുന്നു. കേരളത്തിലെ റേഷൻ കടകളുടെ ഏറ്റവും വലിയ പ്രത്യേകതയെന്ന് പറയുന്നത് പൊതുവിതരണത്തിന്റെ റീച്ചബിലിറ്റിയാണ്. ഒരു വാർഡിൽതന്നെ രണ്ടും മൂന്നും അതിൽ കൂടുതൽ റേഷൻ കടകളുണ്ട്. അത്തരത്തിലുള്ള കടകൾ ചുരുക്കിക്കൊണ്ട് പോകാനുള്ള സാഹചര്യം ഗവൺമെന്റ് ഒരുക്കുമ്പോൾ അതുണ്ടാക്കാൻ പോകുന്ന ബുദ്ധിമുട്ടുകളെത്രയായിരിക്കും? അത്തരത്തിലുള്ള പ്രതിസന്ധികളുടെ മുന്നിൽ, അത്തരത്തിലുള്ള വിഷയങ്ങൾ മുന്നിൽ നിൽക്കുമ്പോൾ അതിനെ കണ്ണടച്ച് ഇരുട്ടാക്കുന്ന ഒരു സാഹചര്യം ഗവൺമെന്റ് ഒരുക്കുകയാണ്. ഇവിടെ പൊതുവിതരണവും പൊതുവിപണിയും എത്രമാത്രം

യോജിച്ച് നിൽക്കുന്നുവെന്നതാണ് പൊതുവിതരണം തടസ്സപ്പെട്ടപ്പോൾ അരിയുടെ വിലക്കയറ്റത്തിലൂടെ നമുക്ക് കാണാൻ കഴിഞ്ഞത്. സപ്ലൈക്കോയ്ക്ക് ആവശ്യമായ തുക വകയിരുത്താനുള്ള സാഹചര്യം ഉണ്ടാകുന്നുണ്ടോ? കൺസ്യൂമർഫെഡും സപ്ലൈക്കോയും അരിക്കടകൾ തുടങ്ങി. അരിക്കടകൾ തുടങ്ങുവാനുള്ള കൂടുതൽ തുക സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുവാൻ സർക്കാർ എന്തുകൊണ്ട് തയ്യാറാകുന്നില്ല? ഈ കഴിഞ്ഞ ബഡ്ജറ്റിൽത്തന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷന് 200 കോടി രൂപയും കൺസ്യൂമർഫെഡിന് 150 കോടി രൂപയും നൽകി. കൺസ്യൂമർഫെഡിനേയും സപ്ലൈക്കോയെയും ഒരേ നിലയിലാണോ ഈ സർക്കാർ കാണുന്നത്? ഏറ്റവും കൂടുതൽ പൊതുവിതരണത്തിൽ ഇടപെടുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. അപ്പോൾ സപ്ലൈക്കോയ്ക്ക് ആവശ്യമായ തുക കൊടുക്കാതെ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിനെ ശ്വാസംമുട്ടിക്കുന്ന സാഹചര്യമാണ് ഇന്ന് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതിന്റെ ബുദ്ധിമുട്ടുകളാണ് വരാൻ പോകുന്ന ദിവസങ്ങളിൽ നമ്മൾ അനുഭവിക്കേണ്ടത്. ഇത്തരത്തിലുള്ള വിഷയങ്ങൾ നിലനിൽക്കുമ്പോൾ പൊതുവിതരണത്തിൽ യാതൊരു പ്രശ്നവും പ്രതിസന്ധിയുമില്ല എന്നുള്ള നിലയിൽ പറഞ്ഞുപോകാൻ കഴിയില്ല.

ഇപ്പോൾ കേന്ദ്രം മണ്ണെണ്ണയുടെ വിഹിതം കുറച്ചില്ലേ; ഏകദേശം 9

ശതമാനത്തിന്റെ കുറവ് മണ്ണെണ്ണയ്ക്കുണ്ടായി എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എന്തുകൊണ്ടാണ് മണ്ണെണ്ണയുടെ വിഹിതം കുറയുന്നത്? മണ്ണെണ്ണയുടെ വിഹിതം കേന്ദ്രം എല്ലാ സംസ്ഥാനങ്ങൾക്കും കുറച്ചിട്ടില്ല. ഉത്തർപ്രദേശ്, മദ്ധ്യ പ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് മണ്ണെണ്ണയുടെ വിഹിതം കുറഞ്ഞിട്ടില്ല. കേരളത്തിന് മണ്ണെണ്ണയുടെ വിഹിതം കുറയുന്നു. കൃത്യസമയത്ത് സംസ്ഥാന സർക്കാർ ഏറ്റെടുക്കാത്തതുകൊണ്ടോ ടേക്ക്അപ്പ് ചെയ്യാത്തതുകൊണ്ടോ അല്ലേ മണ്ണെണ്ണയുടെ വിഹിതം ഇപ്പോഴിവിടെ കുറയാനുള്ള സാഹചര്യം വന്നത്. (...ബഹളം...) മത്സ്യമേഖലയ്ക്ക് മണ്ണെണ്ണ വകമാറ്റി ചെലവഴിച്ചു എന്നാണ് അവർ ആരോപണമായിട്ട് ഉന്നയിക്കുന്നതെങ്കിൽ അത് കാലാകാലങ്ങളായി സംസ്ഥാനത്ത് നടത്തുന്നൊരു കീഴ്വഴക്കമാണ്. അത് കേന്ദ്രത്തിനും മാറിമാറി വന്ന സർക്കാരുകൾക്കുമറിയാം. അക്കാര്യം എന്തുകൊണ്ട് കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്താൻ ഈ സർക്കാർ തയ്യാറാകുന്നില്ല? മണ്ണെണ്ണയുടെ വിഹിതം കുറഞ്ഞു എന്നുള്ളത് ഇതിനുമുൻപും ഈ സഭയിൽ ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് മറുപടി നൽകിയത് മത്സ്യമേഖലയ്ക്ക് വേറെ മണ്ണെണ്ണ കണ്ടെത്താമെന്നാണ്. ഇപ്പോൾ റേഷൻ കടയിലൂടെ മണ്ണെണ്ണയുടെ വിതരണം വളരെയേറെ കുറഞ്ഞിരിക്കുന്നു. മത്സ്യമേഖലയ്ക്കുംകൂടി അത് വകമാറ്റി കൊടുക്കുമ്പോൾ സ്വാഭാവികമായിട്ടും പിന്നീടുള്ള

കാർഡ് ഉടമകൾക്ക് അത് കുറയും. മത്സ്യമേഖലയ്ക്ക് വേറെ മണ്ണെണ്ണ കണ്ടെത്തിക്കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ച് റേഷൻ മേഖലയിൽ പൊതുവിതരണത്തിലൂടെ കൂടുതൽ മണ്ണെണ്ണ ജനങ്ങൾക്ക് എത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുവാൻ ഗവൺമെന്റിന് കഴിയണം.

പഞ്ചസാര വെട്ടിക്കുറച്ചിരിക്കുന്നു. മണ്ണെണ്ണയും പഞ്ചസാരയും ഉൾപ്പെടെ ധാരാളം പ്രശ്നങ്ങളും പ്രതിസന്ധികളും ഇന്ന് പൊതുവിതരണത്തിലേയ്ക്ക് കടന്നുവന്നുകൊണ്ടിരിക്കുകയാണ്. വാതിൽപ്പടി വിതരണത്തിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. വാതിൽപ്പടി വിതരണത്തിന്റെ കാര്യത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ടെണ്ടർ ഇടുകയുണ്ടായി. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയ വാതിൽപ്പടി ടെണ്ടർ വിളിച്ചപ്പോൾ അതിൽ ക്രിമിനൽ പശ്ചാത്തലമുള്ളവർ കടന്നുകൂടി. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന ഞാൻ വായിക്കുകയുണ്ടായി. അത്തരത്തിലുള്ള നടപടികൾ ഉണ്ടെങ്കിൽ, അത്തരത്തിൽ ആരെങ്കിലും കടന്നുകൂടിയിട്ടുണ്ടെങ്കിൽ അത് റദ്ദാക്കും, നടപടിയെടുക്കും എന്നായിരുന്നു പ്രസ്താവന. മന്ത്രിയുടെ പ്രസ്താവനയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പക്ഷേ എന്തുകൊണ്ട് സപ്ലൈക്കോയുടെ ടെണ്ടറുകളിൽ ഇത്തരത്തിലുള്ള ക്രിമിനൽ സ്വഭാവമുള്ളവർ ട്രാൻസ്പോർട്ടേഷൻ ടെണ്ടറിൽ

കടന്നുകൂടി എന്നതിനെ സംബന്ധിച്ച് കൃത്യമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. (...ബഹളം...) ട്രാൻസ്പോർട്ടേഷൻ ടെണ്ടറിൽ ക്രിമിനൽ പശ്ചാത്തലമുള്ളവർ കടന്നുകൂടി. അതിന് തടയിടുവാൻ അങ്ങ് നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ അതിനുശേഷം വീണ്ടും, സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റുതന്നെ സാധനങ്ങൾ വാങ്ങുന്ന ടെണ്ടറിൽ ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ട ചില കരാറുകാർ കടന്നുകൂടി എന്നുള്ള വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ചില ഉദ്യോഗസ്ഥരും കരിഞ്ചന്തക്കാരും തമ്മിലുള്ള ഒരു അവിശുദ്ധ കൂട്ടുകെട്ട് സപ്ലൈക്കോയിലുണ്ട് എന്നത് മനസ്സിലാക്കേണ്ടതുണ്ട്. അത്തരക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. അവരെ കണ്ടെത്തുവാനും അവർക്കെതിരെ നടപടികൾ സ്വീകരിക്കുവാനുമുള്ള ആർജ്ജവം സർക്കാർ കാണിക്കണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇത്തരത്തിൽ അനവധി വിഷയങ്ങൾ ഇന്ന് ഈ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുകൊണ്ടുണ്ട്. അതുകൊണ്ടുതന്നെ ഈ വിഷയങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടത് അനിവാര്യവുമാണ്. ഇത്തരത്തിലുള്ള കാര്യങ്ങൾ മുന്നോട്ടു വയ്ക്കുമ്പോൾ പൊതുവിതരണത്തിൽ നാളെ ഒരു രീതിയിലുമുള്ള പിഴവുകളുമുണ്ടാകാതെ

മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ തയ്യാറാകണം. ഇവിടെ ബഹളംവച്ചും ഒച്ചവച്ചും കഴിഞ്ഞ സർക്കാരിന്റെ കാര്യങ്ങൾ വച്ചുകൊണ്ടായിരിക്കും. ഞാനൊരു കാര്യം അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷം കേരളത്തിൽ ഒരു ദിവസംപോലും റേഷൻ മുടങ്ങിയിട്ടില്ല എന്നുള്ള യാഥാർത്ഥ്യവും നമ്മുടെ മുന്നിൽ നിൽക്കുകയാണ്. അതിൽനിന്ന് വ്യത്യസ്ഥമായി ഇന്ന് കേരളത്തിൽ ഉണ്ടായിട്ടുള്ള വിഷയങ്ങൾ, ഇപ്പോൾ സംജാതമായിരിക്കുന്ന അടിയന്തര പ്രശ്നങ്ങൾ, ഇതാണ് ഞങ്ങൾ സഭയുടെ മുൻപിൻ മുന്നോട്ടു വയ്ക്കുന്നത്. ഈ വിഷയങ്ങളിലെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയങ്ങൾ ചർച്ച ചെയ്യുവാൻ സർക്കാർ തയ്യാറാകണം എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഈ സർക്കാർ അധികാരത്തിൽ വന്നത് മെയ് 25-നാണ്. ഞങ്ങളിപ്പോൾ 11 മാസം പിന്നിടുകയാണ്. എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഈ 11 മാസങ്ങൾക്കുള്ളിൽ ചെയ്യാവുന്നതിന്റെ പരമാവധി കാര്യങ്ങൾ ഞങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ ഒന്നും ചെയ്യാതിരുന്നത് നിങ്ങളാണ്. ഞങ്ങളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. 3 വർഷം ലഭിച്ചിട്ട് നിങ്ങൾക്ക് ലഭിച്ച സമയം ഫലപ്രദമായി നിർവ്വഹിക്കാതെ ഞങ്ങളെ കുറ്റം

പറഞ്ഞിട്ട് കാര്യമില്ല. ഞങ്ങൾ അധികാരത്തിൽ വന്നു. എൻ.എഫ്.എസ്.എ. നടപ്പാക്കണമെന്ന് കേന്ദ്രം പറഞ്ഞു. ഞങ്ങൾ അതിന് സാവകാശം ചോദിച്ചു. എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതിന് ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് പഴയ സിസ്റ്റം തുടരാൻ 6 മാസത്തെ സാവകാശം ചോദിച്ചു. 6 മാസംകൊണ്ട് ഞങ്ങൾ ഒരുങ്ങി നല്ലവണ്ണം നടത്താൻ വേണ്ടി. പക്ഷേ സമ്മതിച്ചില്ല. നമ്മുടെ അഡ്ഹോക്ക് അലോട്ട്മെന്റ് വെട്ടിച്ചുരുക്കി. എ.പി.എൽ.കാർക്കുള്ള അരി വില 8.30 രൂപ എന്നുള്ളത് 22/- രൂപയാക്കി വർദ്ധിപ്പിച്ചു. ഇങ്ങനെ വലിയ സമ്മർദ്ദം ചെലുത്തിക്കൊണ്ടാണ്, റേഷൻ വിതരണത്തിന് അരി ലഭിക്കില്ല എന്ന അവസ്ഥ സൃഷ്ടിച്ച സാഹചര്യത്തിലാണ് നമ്മൾ അതിലേയ്ക്ക് ഇറങ്ങിത്തിരിക്കുന്നത്. ഉലക്ക വിഴുങ്ങുന്നെങ്കിൽ അത് വട്ടം വിഴുങ്ങണം എന്നാണ് കേന്ദ്രം പറഞ്ഞത്. വേറെ ഒരു നിവൃത്തിയുമില്ലാതെ നമ്മളതിലേയ്ക്ക് ഇറങ്ങിത്തിരിക്കുകയാണ് ചെയ്തത്. അതുകൊണ്ട് നവംബർ, ഡിസംബർ മാസങ്ങളിൽ നമുക്ക് കുറച്ച് പ്രയാസമുണ്ടായി. എന്നാലും ആ പ്രയാസത്തെയെല്ലാം അതിജീവിച്ചുകൊണ്ട് നമ്മൾ ഈ സംസ്ഥാനത്ത് വളരെ കാര്യക്ഷമമായി മുന്നോട്ടു പോകുകയാണ്. അതിന് നിങ്ങളുടെകൂടി പിന്തുണവേണം. അതാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ഒട്ടേറെ കരിഞ്ചന്തക്കാരും പൂഴ്ത്തിവയ്പ്പുകാരുമൊക്കെ ഈ രംഗത്ത് ഉണ്ടായിരുന്നു എന്നുള്ളത് അങ്ങേയ്ക്ക് അറിയാമല്ലോ. അക്കാര്യം എന്നെക്കാൾ കൂടുതൽ അങ്ങേയ്ക്ക് അറിയാം. ഏതായാലും അവരുമായിട്ട് ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ല. കരിഞ്ചന്തക്കാരനെയോ പൂഴ്ത്തിവയ്പ്പുകാരനെയോ ബ്ലാക്ക് ലിസ്റ്റിൽപ്പെട്ടവനേയോ ഒരുതരത്തിലും ബന്ധിപ്പിക്കുന്ന ഒരു നടപടിയും ഈ സർക്കാർ സ്വീകരിക്കുന്ന പ്രശ്നമേയില്ല. അത് ട്രാൻസ്പോർട്ടേഷൻ രംഗത്താണെങ്കിലും ധാന്യങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിലാണെങ്കിലും മറ്റേത് ഉൽപ്പന്നങ്ങൾ കൊടുക്കുന്ന കാര്യത്തിലാണെങ്കിലും ഞങ്ങൾ കർശനമായി അക്കാര്യങ്ങൾ നിരീക്ഷിക്കും എന്നു പറയാൻ എനിക്ക് യാതൊരു പ്രയാസവുമില്ല. അതിവിടെ ഞാൻ അസന്നിഗ്ദ്ധമായി പറയുകയാണ്.

വ്യാപാരികൾ അവരുടെ സമരം withdraw ചെയ്തു. അവരുടെ ചില വിഷയങ്ങളുണ്ട്. അതിപ്പോൾ തുടങ്ങിയതല്ലല്ലോ. ധാന്യവിതരണം തുടങ്ങിയ കാലം മുതൽ അവരുടെ പ്രശ്നങ്ങളുമുണ്ട്. നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണത്തെ കുറിച്ച് പഠിച്ച എല്ലാ കമ്മിറ്റികളും പറഞ്ഞത്, ഈ രംഗത്ത് വ്യാപാരികളുടെ വരുമാനം വളരെ പരിമിതമാണ് എന്നുള്ളതാണ്. അതുകൊണ്ട് സംഭവിക്കുന്നതെന്താണ്; കേന്ദ്രം തരുന്ന ധാന്യം അതിന്റെ 60

ശതമാനംപോലും ജനങ്ങളുടെ കയ്യിൽ എത്തുന്നില്ല. 40 ശതമാനവും ഇതിനിടയിൽ ചോർന്നു പോകുകയാണ്. ആ ചോർച്ച ഒഴിവാക്കാനുള്ള പരിശ്രമമാണ് ഇപ്പോൾ ഞങ്ങൾ നടത്തുന്നത്. ആ ചോർച്ചയിലൂടെ തടിച്ചു കൊഴുക്കുന്നവർ ധാരാളമുണ്ട്. ഈ രംഗത്ത് നടക്കുന്ന ക്രമക്കേടുകൾ അതാണ്. ആ രംഗവുമായി ബന്ധപ്പെടുന്നവർ ഫലപ്രദമായിട്ട് ഈ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് എൻ.എഫ്.എസ്.എ. നടപ്പാക്കുന്ന ഘട്ടത്തിൽ റേഷൻ വ്യാപാരികൾക്ക് ഒരാശങ്കയുണ്ട്. അവരുടെ വരുമാനത്തിൽ കുറവ് സംഭവിക്കുമോ? ഞങ്ങൾ അതിനെക്കുറിച്ച് പഠിക്കാനായി ഒരു കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റി ഒരു പാക്കേജ് തയ്യാറാക്കി സർക്കാരിൽ തന്നിട്ടുണ്ട്. ഇൻസെന്റീവിന്റെ വിഷയത്തിലാണെങ്കിലും വരുമാനം ലഭിക്കുന്ന വിഷയത്തിലാണെങ്കിലും റേഷൻ വ്യാപാരികളുടെ സംഘടനാ പ്രതിനിധികൾ ഉൾപ്പെടെ ഉണ്ടായിരുന്ന ആ കമ്മിറ്റി പഠിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി തന്നത് സർക്കാരിന്റെ കൈവശമുണ്ട്. ആ റിപ്പോർട്ട് ചർച്ച ചെയ്ത് അതിന്മേൽ തീരുമാനമെടുക്കും. അതിൽ യാതൊരു സംശയവും ഉണ്ടാകേണ്ടതില്ല. പല റൗണ്ട് ചർച്ച കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത് കഴിഞ്ഞ ദിവസവും യോഗം കൂടി. ഇനി മെയ് 20-ന് അദ്ദേഹം തീയതി

നിശ്ചയിച്ചിരിക്കുകയാണ്. ആ തീയതിയിൽ വ്യാപാരികളുടെ പ്രശ്നത്തിൽ തീരുമാനമുണ്ടാകും എന്നുള്ള കാര്യം ഉറപ്പാണ്. ആ കമ്മിറ്റി തന്നെ ചില കാര്യങ്ങൾ സർക്കാരിന്റെ മുന്നിൽ കൊണ്ടുവന്നിരുന്നു. 1000, 1500 കാർഡുകളുള്ള റേഷൻ കടകളുണ്ട്. 350-ന് താഴെയുള്ള റേഷൻ കടകളുമുണ്ട്. അതുകൊണ്ട് 300-350 റേഷൻ കാർഡുകളുള്ള റേഷൻ കട സാമ്പത്തികമായി നടത്തിക്കൊണ്ട് പോകുന്നത് ലാഭകരമല്ല. അത്തരം റേഷൻ കടകളെ സമന്വയിപ്പിക്കണം എന്ന് ആ കമ്മിറ്റി തന്നെ ശിപാർശ ചെയ്തിരിക്കുകയാണ്. അതല്ലാതെ സർക്കാർ റേഷൻ കടകളെ വെട്ടിച്ചുരുക്കാനോ നമ്പർ കുറയ്ക്കാനോ ഒന്നും തീരുമാനിച്ചിട്ടില്ല. ആ കമ്മിറ്റിയുടെ ശിപാർശയുണ്ട്. അതും സർക്കാരിന്റെ മുൻപിലുണ്ട്.

മണ്ണെണ്ണ കുറച്ചത് ഞങ്ങളാണോ; കേന്ദ്രം മണ്ണെണ്ണ വെട്ടിക്കുറച്ചു. അത് ഇന്ന് തുടങ്ങിയ പ്രതിഭാസമല്ല. പണ്ടുകാലം മുതലുള്ള കാര്യമാണ്. നമുക്ക് അർഹതപ്പെട്ട മണ്ണെണ്ണ വെട്ടിക്കുറച്ചു. ഇപ്പോൾ ബി.ജെ.പി. സർക്കാർ രണ്ടുമൂന്ന് ഘട്ടങ്ങളിലായിട്ട് വെട്ടിക്കുറച്ചു. നമുക്ക് പാചകം ചെയ്യാനും വെളിച്ചം കാണാനുമാണ് കേന്ദ്രം റേഷൻ മണ്ണെണ്ണ തരുന്നത്. എന്നാൽ വർഷങ്ങളായിട്ട് നമ്മൾ അതിലൊരു ഭാഗം പങ്കുവച്ച് പാവപ്പെട്ട തീരദേശത്തെ പരമ്പരാഗത

മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കാറുണ്ടായിരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായിട്ട് നമ്മുടെ സംസ്ഥാനം ചെയ്തു പോരുന്ന ഒരു നടപടിക്രമമാണിത്. കേന്ദ്രം മണ്ണെണ്ണ വെട്ടിക്കുറച്ചു. ഞങ്ങൾ പരാതിയുമായി ചെന്നു. കേന്ദ്രം പറഞ്ഞത്, മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നിങ്ങൾ അങ്ങനെ ചെലവഴിക്കുന്നതിനോട് ഞങ്ങൾ യോജിക്കുന്നില്ല. അത്രയും അളവാണ് വെട്ടിക്കുറച്ചത്. ഞങ്ങൾ ആ കാര്യങ്ങളെല്ലാം പറഞ്ഞു. പണ്ടുകാലം മുതൽ കൊടുക്കുന്ന കാര്യമാണിത്. പരമ്പരാഗ മത്സ്യമേഖലയിലെ തൊഴിലാളികളെ സഹായിക്കാൻവേണ്ടി ചെയ്യുന്നതാണ്. അപ്പോൾ പറഞ്ഞത്, അങ്ങനെ കൈമാറ്റം ചെയ്യുന്നതിനോട് ഞങ്ങൾ യോജിക്കുന്നില്ല എന്നാണ്. അവർക്ക് പ്രത്യേകമായ സ്കീം ഏർപ്പെടുത്താം. അതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനാണ് കേന്ദ്രം പറഞ്ഞത്. മണ്ണെണ്ണ നമുക്ക് തരുന്നത് പാചകം ചെയ്യാനും വെളിച്ചം കാണാനുമാണ്. അവർ ചോദിക്കുന്നത് സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ട ഒരു സംസ്ഥാനമാകാൻ കേരളം പോകുമ്പോൾ എന്തിനാണ് വെളിച്ചം കാണാൻ മണ്ണെണ്ണ; കേരളത്തിലെ മിക്കവാറും ആളുകൾ പാചകത്തിന് പാചകവാതകം ഉപയോഗിക്കുമ്പോൾ എന്തിനാണ് മണ്ണെണ്ണ; രണ്ടുതരത്തിലുള്ള സബ്സിഡി പാടില്ല. 111 കോടി രൂപ

അധിക സബ്സിഡി ഞങ്ങൾ തരികയാണ്. അത് സാദ്ധ്യമല്ല എന്നുള്ളതാണ് കേന്ദ്രത്തിന്റെ നിലപാട്. നമ്മുടെ ആവശ്യങ്ങളും ആവലാതികളും കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിക്കുന്നുണ്ട്. എന്നാലും മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചു. വെട്ടിക്കുറച്ചതിന് ആനുപാതികമായി ഭക്ഷ്യ മേഖലയ്ക്ക് കൊടുത്തതും കുറഞ്ഞു, റേഷൻ കാർഡ് വിതരണത്തിലും കുറഞ്ഞിട്ടുണ്ട്. എന്നാലും അര ലിറ്റർ മണ്ണെണ്ണയെങ്കിലും റേഷൻ കാർഡ് വിതരണത്തിലൂടെ കൊടുക്കാനാവശ്യമായ തീരുമാനമെടുത്തുകൊണ്ടാണ് നമ്മൾ മുന്നോട്ടുപോകുന്നത്. പഞ്ചസാര വെട്ടിക്കുറച്ചതല്ല, നിർത്തലാക്കിയിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു മുമ്പ് പഞ്ചസാരയുടെ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ ഞങ്ങൾ നിവേദനവുമായി പോയപ്പോൾ ഇത്തവണ കൊണ്ട് ഇത് അവസാനിച്ചു എന്നാണ് ഉദ്യോഗസ്ഥരംഗത്തെ പ്രമാണിമാർ ഞങ്ങളോട് പറഞ്ഞത്. 97 ലക്ഷം പേർക്ക് കൊടുക്കാനുള്ള പഞ്ചസാരയാണ് കേന്ദ്രം നമുക്ക് തന്നിരുന്നത്. എന്നാൽ ഇവിടെ 154 ലക്ഷം ആളുകൾ മുൻഗണനാ പട്ടികയിലുണ്ട്. 97 ലക്ഷം പേർക്ക് തരുന്ന പഞ്ചസാര 154 ലക്ഷം പേർക്ക് കൊടുക്കാൻ തികയാത്തതിനാൽ ശേഷിക്കുന്നവർക്ക് കൊടുക്കാൻ പഞ്ചസാര തരണമെന്നാണ് നമ്മൾ കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. എന്നാൽ കേന്ദ്രം ഇത്തവണ അവതരിപ്പിച്ച ബഡ്ജറ്റിൽ 200

കോടി രൂപ മാത്രമാണ് പഞ്ചസാരയ്ക്ക് നീക്കിവച്ചത്. അതുസംബന്ധിച്ച് ഔദ്യോഗികമായ യാതൊരു അറിയിപ്പും നമുക്ക് കിട്ടിയിട്ടില്ല, നമുക്ക് പണവും തരുന്നില്ല. നമ്മൾ ഓപ്പൺ മാർക്കറ്റിൽ ടെണ്ടറിൽ പങ്കെടുത്ത് പഞ്ചസാര വാങ്ങി ഒരു കിലോയ്ക്ക് 22 രൂപ വീതം സപ്ലൈകോ വഴി കൊടുക്കുകയാണ്. ട്രാൻസ്പോർട്ടേഷൻ ടെണ്ടർ കോടതിയുമായി ബന്ധപ്പെട്ട് കേസ്സുണ്ടായി. കോടതി തന്ന ഡയറക്ടീവ് നമ്മുടെ മുമ്പിലുണ്ട്. ആ ഡയറക്ടീവ് അനുസരിച്ച് ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകുകയും അക്കാര്യത്തിൽ തീരുമാനമുണ്ടാകുകയും ചെയ്യുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അങ്ങനെ പൊതുവിൽ ഇവിടെ ശ്രീ. അനൂപ് ജേക്കബ് ചൂണ്ടിക്കാണിച്ച വിഷയങ്ങളെല്ലാം പഴയ കാര്യങ്ങളാണ്. ഇപ്പോൾ അതൊന്നും നിലനിൽക്കുന്നില്ല. ഈ സംസ്ഥാനത്തെ പൊതുവിതരണരംഗം ശുദ്ധീകരിക്കാൻ പോകുകയാണ്. ഒരു മാലിന്യവുമില്ലാത്ത, കറയുമില്ലാത്ത രംഗമായി പൊതുവിതരണ രംഗത്തെ മാറ്റാൻ പോകുകയാണ്. സപ്ലൈകോയുടെ രംഗത്തും മാറ്റം വരുത്താൻ പോകുകയാണ്. അതുകൊണ്ട് ഒരാശങ്കയും വേണ്ട, കേരളത്തിലെ പൊതുവിതരണ രംഗം ഏതു കാലത്തേക്കാളും വളരെ ഭംഗിയായി നടക്കുമെന്ന കാര്യം ഉറപ്പാണ്. അതാണ് എനിക്ക് ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇച്ഛാശക്തിയില്ലാത്ത ഗവൺമെന്റിന്റെ യഥാർത്ഥ രൂപമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇവിടെ പണി തീർത്തിട്ടും, പണി തീർത്തിട്ടും, പണി തീരുന്നില്ല എന്നു പറഞ്ഞതുപോലെയാണ് സംസ്ഥാനത്തെ ഇടതു സർക്കാരിന്റെ റേഷൻ വിതരണം ശരിയാക്കൽ. 2016 നവംബർ മാസത്തിലാണ് സംസ്ഥാനത്ത് റേഷൻ വിതരണം കുറഞ്ഞത്. ഇപ്പോൾ അഞ്ച് മാസമാകുന്നു. റേഷൻ വിതരണം ഇതുവരെ ശരിയാക്കാൻ മന്ത്രിക്കും ഗവൺമെന്റിനും സാധിക്കുന്നില്ല. 'വെള്ളാനകളുടെ നാട്' എന്ന ചലചിത്രത്തിൽ കുതിരവട്ടം പപ്പു 'ഇപ്പ ശരിയാക്കിത്തരാം' എന്നുപറയുന്ന ഒരു ഡയലോഗുണ്ട്. അതുപോലെയാണ് ഭക്ഷ്യ വകുപ്പുമന്ത്രി എന്തു ചോദിച്ചാലും 'ഇപ്പ ശരിയാക്കിത്തരാം' എന്നുപറയുന്നത്, മാസം 11 ആയി.

മി. സ്പീക്കർ: ഇപ്പോൾ ശരിയായി എന്നാണ് അദ്ദേഹം പറയുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ അദ്ദേഹം കുറ്റപ്പെടുത്തുന്നത്

കാലവസ്ഥയെയും മുൻ സർക്കാരിനെയും കേന്ദ്ര സർക്കാരിനെയുമാണ്. കേന്ദ്രം തെറ്റ് ചെയ്തിട്ടുണ്ടെന്ന് ഞങ്ങളും സമ്മതിക്കുന്നു. അതിന് നമ്മളൊരുമിച്ച് ഡൽഹിയിൽ പോകാമെന്നുപറഞ്ഞു. എന്നാൽ പ്രധാനമന്ത്രി സമയം തന്നില്ല എന്നുള്ളത് മറ്റൊരു കാര്യം.

ശ്രീ. കെ. രാജൻ: സർ, കഴിഞ്ഞ കേന്ദ്ര ഗവൺമെന്റ് കുറ്റം ചെയ്തുവെന്നാണ് പറഞ്ഞത്. യു.പി.എ ഒരു കോടി 54 ലക്ഷം എന്ന നിലവാരത്തിൽ മുൻഗണനാ ലിസ്റ്റ് തീരുമാനിച്ചത് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ്. നഗര പ്രദേശങ്ങിൽ 35.85 ശതമാനവും ഗ്രാമ പ്രദേശങ്ങളിൽ 50.15 ശതമാനവും ആളുകളെ മാത്രമേ മുൻഗണനാ ലിസ്റ്റിൽപ്പെടുത്താവൂ എന്ന് പറയുമ്പോൾ കേരളം എവിടെയായിരുന്നു? ബംഗാളിലും, ത്രിപുരയിലും അതല്ലായിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. കെ. രാജൻ ബഹളമുണ്ടാക്കുന്നതുകൊണ്ടാണ് ഞാൻ ചോദ്യം ചോദിക്കാൻ അനുവദിച്ചത്, എപ്പോഴും ബഹളം ഉണ്ടാക്കണ്ടല്ലോ. ശ്രീ. കെ. രാജൻ പറഞ്ഞത് വസ്തുതയാണ്, അദ്ദേഹം പറഞ്ഞ പ്രകാരം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ നിർബന്ധം കൊണ്ടുതന്നെയാണ് 10 ലക്ഷം മെട്രിക് ടൺ ഉണ്ടായിരുന്ന അരി 12 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തിയത്. മാത്രമല്ല, എല്ലാ വർഷവും രണ്ടര ലക്ഷം ടൺ അരി

അഡീഷണൽ അലോട്ടുമെന്റായി വാങ്ങിയെടുക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ള കാര്യം ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നു, അത് നമ്മൾ ധാരാളം ചർച്ച ചെയ്ത കാര്യമാണ്. കേന്ദ്രം കൂടുതൽ അരി വിഹിതം തരണമെന്ന കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല. മുഖ്യമന്ത്രിയും പ്രതിപക്ഷവും ഒരുമിച്ച് ഡൽഹിയിൽ പോകാമെന്ന് പറഞ്ഞിട്ടും പ്രധാനമന്ത്രി അനുവാദം നൽകിയില്ല. അത് തെറ്റായ നടപടിയായിപ്പോയി, അതിനെ ഞങ്ങൾ അപലപിക്കുന്നു. പക്ഷേ ശ്രീ. പി. തിലോത്തമൻ, അങ്ങ് എത്ര നാൾ കാലാവസ്ഥയെയും മുൻ ഗവൺമെന്റിനെയും കേന്ദ്ര സർക്കാരിനെയും കുറ്റം പറയും; നമുക്ക് ചെയ്യാനുള്ള കാര്യങ്ങൾ നമ്മൾ ചെയ്യണ്ടേ? മെയ് മാസത്തെ റേഷൻ എടുത്തില്ലെങ്കിൽ സംസ്ഥാനത്തിനുള്ള അരി വിഹിതം നിർത്തിവയ്ക്കുമെന്ന് കേന്ദ്രം മുന്നറിയിപ്പ് നൽകിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടോ? മുൻഗണനാ പട്ടിക പ്രകാരം മെയ് 1 ന് റേഷൻ വിതരണം തുടങ്ങുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചത്. ഇന്ന് മെയ് 3 ആണ്. ഈ മാസത്തെ റേഷൻ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് എടുക്കാൻപോലും അങ്ങയുടെ ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞില്ലെന്നുള്ള കാര്യം അങ്ങ് മറയ്ക്കരുത്.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, മെയ് മാസത്തിൽ വിതരണം ചെയ്യേണ്ട അരി

ഏപ്രിൽ മാസത്തിൽ എടുക്കണം. ഏപ്രിൽ മാസം നമുക്ക് പത്തോ, ഇരുപതോ ദിവസമാണ് കിട്ടുന്നത്. വാഗൺ വന്നാൽ ചിലയിടത്ത് നമുക്ക് ദിവസങ്ങൾ പിന്നേയും പോകും. ചില മാസങ്ങളിൽ അരി ആ മാസം എടുക്കാൻ സാധിച്ചില്ലെങ്കിൽ 15 ദിവസം കൂടി എക്സ്റ്റെൻഷൻ നൽകാറുണ്ട്. അതുകൊണ്ട് പ്രയാസമൊന്നുമില്ല. ഇത് എല്ലാ കാലവും ഉണ്ടായിരുന്ന കാര്യമാണ്. അതുകൊണ്ട് അരി നമ്മൾ എടുക്കുകയും വിതരണം ചെയ്യുകയും ചെയ്യും. വിതരണത്തിന് ഒരു തകരാറുമുണ്ടാകുകയില്ല. മെയ് മാസത്തെ അരി വിതരണം എല്ലായിടത്തും എത്തിക്കഴിഞ്ഞു.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, എഫ്.സി.ഐ. ഗോഡൗണിൽ നിന്നും അരി എടുത്തില്ലെങ്കിൽ കേന്ദ്രം ഇനി അരി തരില്ലെന്ന് പറഞ്ഞത് എന്തുകൊണ്ടാണ്; അത് വിശദീകരിക്കാത്തത് എന്തുകൊണ്ടാണ്?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, അത് കേന്ദ്രത്തോട് ചോദിക്കേണ്ട കാര്യമാണ്, എന്നോട് ചോദിക്കേണ്ട കാര്യമല്ല.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, അങ്ങനെയല്ല. സമയാസമയങ്ങളിൽ നമ്മൾ എഫ്.സി.ഐ. ഗോഡൗണിൽ നിന്ന് അരി എടുക്കാത്തതുകൊണ്ടാണ് കേന്ദ്രം അങ്ങനെയൊരു നിലപാട് സ്വീകരിച്ചതെന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ

കഴിഞ്ഞിട്ടുള്ളത്. ഇവിടെ റേഷൻ കാർഡുകളുടെ കാര്യം അതിനേക്കാൾ രസകരമാണ്. മാർച്ച് മാസത്തിൽ കൊല്ലത്തും, ഏപ്രിൽ മാസത്തിൽ സംസ്ഥാനത്തെ മറ്റ് എല്ലാ ജില്ലകളിലും റേഷൻ കാർഡ് വിതരണം നടത്തുമെന്ന് പ്രഖ്യാപിച്ചു. ബഹുമാന്യനായ മുഖ്യമന്ത്രി കൊല്ലത്ത് 4 പേർക്ക് റേഷൻ കാർഡ് കൊടുത്തു, പിന്നീട് അഞ്ചാമത് ഒരാൾക്ക് റേഷൻ കാർഡ് കിട്ടിയിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. റേഷൻ കാർഡുകൾ വേറെ എവിടെയെങ്കിലും വിതരണം ചെയ്തിട്ടുണ്ടോ? മന്ത്രി ഇപ്പോഴും യു.ഡി.എഫ്. സർക്കാരിനെ കുറ്റപ്പെടുത്തുകയാണ്. പതിനൊന്ന് മാസമായിട്ടും എല്ലാം ശരിയാക്കുമെന്ന് പറഞ്ഞ് വന്ന നിങ്ങൾ ഇപ്പോൾ ജനങ്ങളെ ശരിയാക്കിക്കൊണ്ടിരിക്കുകയാണ് എന്നുള്ളതല്ലേ യാഥാർത്ഥ്യം.

ശ്രീ. പി. തിലോത്തമൻ: സർ, ജനങ്ങളുടെ കൈവശമുള്ള റേഷൻ കാർഡ് 2007-ൽ വിതരണം ചെയ്തതാണ്, 5 വർഷം കഴിയുമ്പോൾ റേഷൻ കാർഡ് പുതുക്കി കൊടുക്കേണ്ടതായിരുന്നു. 2012-13, 2013-14, 2014-15, 2015-16 ഇതൊക്കെ നിങ്ങളുടെ കാലയളവായിരുന്നു. നിങ്ങൾ അത് ചെയ്യാത്തതുകൊണ്ട് ഞങ്ങൾ ഇപ്പോൾ റേഷൻ കാർഡ് എല്ലാ ജില്ലകളിലേക്കും എത്തിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ വിഷയം നിയമസഭയിൽ മുമ്പ് ചർച്ച

ചെയ്തതാണ്. 2012-ൽ റേഷൻ കാർഡിന്റെ കാലാവധി കഴിഞ്ഞു എന്നുള്ളത് വസ്തുതയാണ്. 2013-ലാണ് ഭക്ഷ്യ ഭദ്രതാ നിയമം വരുന്നത്. നിയമം വന്നതിന് ശേഷം കാർഡുകൾ പുതുക്കിയാൽ മതിയെന്ന തീരുമാനമനുസരിച്ചാണ് 2014-ൽ കാർഡ് പുതുക്കാനുള്ള നടപടി കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചത്. ഇതൊക്കെ അങ്ങേയ്ക്ക് അറിവുള്ളതാണ്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം റേഷൻ കാർഡുകളുടെ വിതരണം മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. റാങ്കിംഗ് സിസ്റ്റത്തിൽ മാറ്റം കൊണ്ടുവന്നു, സോഷ്യൽ ഓഡിറ്റ് നടത്തിയില്ല. ഈ രണ്ട് കാര്യങ്ങളാണ് റേഷൻ കാർഡ് വിതരണത്തിൽ കാലതാമസമുണ്ടാകാൻ കാരണം.

മി. സ്പീക്കർ: ഇതെന്താണ് നടക്കുന്നത്; പ്രതിപക്ഷ നേതാവിന്റെ വാക്കൗട്ട് പ്രസംഗമാണ് നടക്കുന്നത്, അതിനിടയിൽ ആരൊക്കെയാണ് സംസാരിക്കുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, എനിക്ക് ചോദിക്കാനുള്ളത്, ബഹുമാന്യനായ മുഖ്യമന്ത്രി കൊല്ലത്ത് 4 റേഷൻകാർഡുകൾ വിതരണം ചെയ്തു, 5-ാമത് ഒരെണ്ണം കിട്ടിയില്ല എന്ന് ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി നിഷേധിച്ചില്ലല്ലോ? സംസ്ഥാനത്തെ ജനങ്ങൾക്ക് റേഷൻ കാർഡ് കിട്ടുന്നില്ല. മുൻഗണനാ പട്ടികയിലെ തെറ്റുതിരുത്തൽ വെള്ളത്തിലായിട്ടുണ്ട്. 12 ലക്ഷം പരാതികളാണ് ലഭിച്ചത്. തെറ്റുതിരുത്താൻ ഗ്രാമസഭകളെ ഏൽപ്പിച്ചത് നടന്നോ; സോഷ്യൽ ഓഡിറ്റ്

നടന്നോ? പഞ്ചായത്തുകളെ സഹകരിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞില്ല. സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാർ പിന്നീട് തെറ്റുതിരുത്തി. അവർക്ക് സൗകര്യമുള്ളതുപോലെ എ.പി.എൽ/ബി.പി.എൽ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയുണ്ടാക്കി. നല്ല വീടും കാറുമുള്ള സമ്പന്നർ ഇപ്പോൾ ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടു എന്നാണ് പരാതി വരുന്നത്. ക്യാൻസർ ബാധിച്ച് കിടപ്പാടം പോലുമില്ലാത്തവർ എ.പി.എൽ. പട്ടികയിലാണ്. ഇതാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് റേഷൻ കാർഡിന്റെ കാര്യത്തിൽ സ്വീകരിച്ചത്. കരട് പട്ടികയിൽ നിന്ന് 8 ലക്ഷം പേരെ ഒഴിവാക്കി, പകരം 8 ലക്ഷം പേരെ കൂട്ടിച്ചേർത്തുവെന്ന് പറയുന്നു. എന്ത് മാനദണ്ഡമാണ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ളത്? പുതിയ കാർഡിന് യു.ഡി.എഫ്. സർക്കാർ എ.പി.എൽ.-ന് 50 രൂപയും ബി.പി.എൽ.-ന് 30 രൂപയുമായിരുന്നു നിശ്ചയിച്ചിരുന്നത്. റേഷൻ കാർഡിന് പോലും വില കൂട്ടിയ സർക്കാരാണ് ഈ സർക്കാർ. എ.പി.എൽ വിഭാഗകാർക്ക് 100 രൂപയും ബി.പി.എൽ. വിഭാഗകാർക്ക് 50 രൂപയുമായി വർദ്ധിപ്പിച്ചു. സംസ്ഥാനത്തെ പാവപ്പെട്ടവരെ സേവിക്കാൻ വന്ന ഗവൺമെന്റാണോ ഇത്; ഭക്ഷ്യഭദ്രതാ നിയമപ്രകാരം ഇവിടെ എന്തു നടന്നു? മാവേലി സ്റ്റോറുകളിൽ ഒരു സാധനവും കിട്ടാനില്ല. സി.പി.ഐ -യോട് വിരോധമുണ്ടെങ്കിലും കേരളത്തിലെ

ജനങ്ങളെ പട്ടിണിക്കിടേണ്ട കാര്യമുണ്ടോ? ധനകാര്യ വകുപ്പുമന്ത്രി ആവശ്യത്തിന് പണം കൊടുക്കാതെ ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമന് എന്ത് ചെയ്യാൻ കഴിയും? ധനകാര്യ വകുപ്പ് വേണ്ടത്ര പണം സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുക്കാത്തതുകൊണ്ടാണ് മാവേലി സ്റ്റോറുകളിൽ സാധനമില്ലാത്തതും ജനങ്ങൾ പ്രയാസപ്പെടുന്നതും. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ചിറ്റമ്മ നയം സി.പി.ഐ.- യോട് കാണിക്കാൻ പാടില്ല. ഇതുസംബന്ധിച്ച് ശ്രീ. പി. തിലോത്തമന് ഒന്നും പറയാൻ കഴിയില്ല. (......ബഹളം..........)

<u>മി. സ്പീക്കർ</u>: പ്ലീസ്, പ്ലീസ്, ഇരിക്കൂ... അദ്ദേഹം ഒന്ന് സംസാരിച്ചോട്ടേ...സംസാരിച്ച് അവസാനിപ്പിക്കട്ടെ....പ്ലീസ്... ശ്രീ. കെ. രാജൻ ഇരിക്കൂ. (......ബഹളം..........)

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കേരളത്തിലെ പൊതുവിതരണ മേഖല ആകെ തകർന്നിരിക്കുന്നു. ഇന്നലെ റേഷൻ കടക്കാരുടെ സമരത്തിൽ ഞാൻ പോയിരുന്നു. റേഷൻ കടകൾ അടച്ചിടരുത്, റേഷൻ കടകൾ അടച്ചിട്ടാൽ സംസ്ഥാനത്തെ ജനങ്ങൾക്കാണ് ബുദ്ധിമുട്ട്, നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രതിപക്ഷം മുൻകയ്യെടുക്കാൻ തയ്യാറാണെന്നാണ് ഞാൻ അവരോട് പറഞ്ഞത്.

അല്ലാതെ റേഷൻ കടകൾ അടച്ചിടാൻ ഞങ്ങൾ പറഞ്ഞിട്ടില്ല. ഇത് സംസ്ഥാനത്തെ പാവപ്പെട്ട ജനങ്ങളെയാണ് ബാധിക്കുന്നത്. ഭക്ഷ്യ വകുപ്പുമന്ത്രി അവർക്ക് ഉറപ്പു കൊടുത്തു, എന്നാൽ ധനകാര്യ വകുപ്പുമന്ത്രിക്ക് ആ ഉറപ്പ് ബാധകമല്ലെന്നാണ് പറയുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വാസ്തുതാപരമായി തീർത്തും തെറ്റായ കാര്യമാണ് പ്രതിപക്ഷനേതാവ് പറയുന്നത്. നിങ്ങൾ അവിടെ പോയതിന് ശേഷം ശ്രീ. ജോണി നെല്ലൂരടക്കം എല്ലാവരും എന്നെ വന്ന് കണ്ടിരുന്നു. അടുത്ത മാസത്തിനുള്ളിൽ എല്ലാം തീർക്കാമെന്നും ബാക്കിയുള്ള പ്രശ്നങ്ങൾ പരിശോധിക്കാമെന്നും പറഞ്ഞാണ് അവർ പോയത്, ഒരു അതൃപ്തിയും പറയാതെയാണ് അവർ പോയത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്നാൽ എന്തിനാണ് അവർ സമരം ചെയ്തത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് ഇപ്പോൾ പറഞ്ഞത് അവർക്ക് പണം കൊടുക്കാതിരിക്കുന്നതുകൊണ്ടാണ് അവർ സമരം ചെയ്തതെന്നാണ്. എന്നാൽ അങ്ങനെയില്ല. അവർ വന്ന് സംസാരിച്ച്, ഒരു ധാരണയിലെത്തിയിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും

ഇക്കാര്യം അറിയാവുന്നതാണ്, എല്ലാ മാധ്യമങ്ങളിലൂടെയും വന്നതുമാണ്. ഇന്നുമുതൽ റേഷൻ കടകൾ അടച്ചിടുമെന്ന് പറഞ്ഞ് അവർ ഇന്നലെ സമരം ചെയ്തതാണ്, ആ സമരത്തെ ഞാനും ഡോ. എം. കെ. മുനീറും അഭിസംബോധന ചെയ്തതാണ്. നിങ്ങൾ കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ ബുദ്ധിമുട്ടിക്കരുത്, നിങ്ങളുടെ പ്രശ്നങ്ങൾ പ്രതിപക്ഷം നിയമസഭയിൽ ഉന്നയിക്കും, മുഖ്യമന്ത്രിയോട് പറയാം എന്നൊക്കെയാണ് ഞങ്ങൾ അവരോട് പറഞ്ഞത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇങ്ങനെ പറഞ്ഞ് പോകുന്നതുകൊണ്ട് ഒരു കാര്യം വ്യക്തമാക്കുകയാണ്. സമരക്കാർ ഉന്നയിച്ച പ്രശ്നം സംബന്ധിച്ച് ഞങ്ങളെല്ലാവരും പങ്കെടുത്തുകൊണ്ട് ഒരു ചർച്ച അവരുമായി നടത്തിയിരുന്നു. റേഷൻ വ്യാപാരികളുടെ വ്യത്യസ്ത സംഘടനകൾ അതിൽ പങ്കെടുത്തിരുന്നു. നിലവിലുള്ള പ്രശ്നം റേഷൻ കടകൾക്ക് നേരത്തേ കൃത്യമായ ഒരു വരുമാനമുണ്ടായിരുന്നില്ല, പല വഴിക്കുള്ള വരുമാനമാണ് അവർക്ക് ഉറപ്പുവരുത്തിയിരുന്നത്. ആ സമ്പ്രദായം മാറുകയാണ്. അത് മാറുമ്പോൾ പുറം വരുമാനം അവർക്കുണ്ടാകില്ല. അപ്പോൾ ഒരു നിശ്ചിത വരുമാനം അവർക്ക് ഉറപ്പ് വരുത്തണം. എത്രയാണ് അവർക്ക് കൊടുക്കാനുള്ള കമ്മീഷൻ എന്നതുമായി ബന്ധപ്പെട്ട ഒരു ധാരണയുണ്ടാകണം. കുറച്ച് അഭിപ്രായങ്ങൾ വന്നു, അതിനെപ്പറ്റി

പഠിക്കാൻ ഒരു സമിതിയെ വയ്ക്കാമെന്ന് പറഞ്ഞു. ആ സമിതി പരിശോധിക്കുന്നത് അനന്തമായിട്ടല്ല. അടുത്ത മാസം ഇന്ന തീയതിയിൽ ചർച്ച ചെയ്യാം, അപ്പോഴേയ്ക്കും റിപ്പോർട്ട് വരും, അതുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും എടുക്കാൻ കഴിയുമെന്ന് ആ യോഗത്തിൽ തീരുമാനിച്ചിരുന്നു. നല്ല സൗഹൃദാന്തരീക്ഷത്തിലാണ് പിരിയുന്നത്, ഒരു പ്രശ്നവും അതിലുണ്ടായില്ല. സംഘടനകൾ ചില ഘട്ടങ്ങളിൽ പ്രക്ഷോഭം നടത്തും, അത് ആ നിലയിൽ കണ്ടാൽ മതി. കാര്യങ്ങൾ വിശദമായി ചർച്ചചെയ്ത്, അവരത് അംഗീകരിച്ചതിന്റെ ഭാഗമായി അടുത്ത മാസം ഇന്ന തീയതിയിൽ യോഗം ചേരാമെന്ന് തിരുമാനിച്ചതുമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, റേഷൻ കടക്കാരുടെ പ്രശ്നം പരിഹരിക്കണമെന്ന കാര്യത്തിൽ ഞങ്ങൾക്കും അഭിപ്രായവ്യത്യാസമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അവർ സമരം ചെയ്തപ്പോൾ ഞങ്ങൾ അവിടെപ്പോയി സംസാരിച്ചതും ഇതുതന്നെയാണ്. ഞങ്ങൾ ഗവൺമെന്റിന്റെ മുമ്പിൽ പറയാം എന്ന് അവരോടു പറഞ്ഞു. എന്നാൽ ഭക്ഷ്യ വകുപ്പുമന്ത്രി നൽകിയ ഉറപ്പ് ധനകാര്യ വകുപ്പുമന്ത്രി പാലിക്കുന്നില്ലെന്നാണ് അവർ പറഞ്ഞത്.

ശ്രീ. പി. തിലോത്തമൻ: സർ, അത്തരത്തിൽ അവർ അങ്ങയോട് പറഞ്ഞിട്ടുണ്ടെങ്കിൽ അത് ശരിയല്ല. അവർ ചില വിഷയങ്ങൾ ഉന്നയിച്ചു,

അതോടൊപ്പം തന്നെ, സമഗ്രമായ ഈ മാറ്റത്തെ സംബന്ധിച്ച് പഠിക്കാൻ സിവിൽ സപ്ലൈസ് ഡയറക്ടർ, ഇവരുടെ പ്രതിനിധികൾ എല്ലാവരുമടങ്ങിയ ഒരു കമ്മറ്റിയെ നിശ്ചയിച്ചു. ആ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് ഗവൺമെന്റിന്റെ പക്കലുണ്ട്, അതിന്മേൽ തീരുമാനമെടുക്കാൻ പോകുന്നതേയുള്ളൂ. ഞങ്ങൾ ഇതിനിടയ്ക്ക് മറ്റൊരു സംസാരവും നടത്തിയിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിലെ റേഷൻ കടകൾ അടച്ചിടണമെന്ന കാര്യത്തിൽ ഞങ്ങൾക്കെന്താണ് നിർബന്ധം? ഞങ്ങൾക്കതിൽ താല്പര്യമില്ല. കേരളത്തിലെ പാവപ്പെട്ടവർക്ക് അരി കൊടുക്കണം, പൊതുവിതരണ മേഖല ശക്തിപ്പെടണം, മാവേലി സ്റ്റോറുകൾ ശക്തിപ്പെടണം. അതുകൊണ്ട് അങ്ങയെ ഞങ്ങൾ സഹായിക്കുകയാണ്, ധനകാര്യ വകുപ്പുമന്ത്രി പണം തരാത്ത പ്രശ്നത്തിൽ അങ്ങയെ ഞങ്ങൾ സഹായിക്കുകയാണ്. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി വേണ്ടത്ര പണം കൊടുക്കാതെ സിവിൽ സപ്ലൈസ് വകുപ്പിനെ ശ്വാസം മുട്ടിക്കുന്നതിന് എതിരായിട്ടുള്ള നിലപാടാണ് ഞങ്ങൾ സ്വീകരിക്കുന്നത്, ആ വസ്തുത മനസ്സിലാക്കണം. ഞാൻ അവസാനിപ്പിക്കുകയാണ്, 'ഓരോ മണി അരിയിലും അത് കഴിക്കുന്നയാളിന്റെ പേര് ദൈവം രേഖപ്പെടുത്തിയിട്ടുണ്ട് ' എന്ന് കവി പറഞ്ഞിട്ടുണ്ട്. അങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള അരി ദയവായി സംസ്ഥാന ഗവൺമെന്റ്

നിഷേധിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് ചർച്ച ചെയ്യാൻ മടിക്കുന്ന സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, പഴയൊരു ചൊല്ലുണ്ട്, 'അരിമണിയൊട്ട് കൊറിക്കാനില്ല, പക്ഷേ തരിവളയിട്ടു കിലുക്കാൻ മോഹം' ആ അവസ്ഥയിലാണ് ഭക്ഷ്യ വകുപ്പുമന്ത്രിയുടെ മറുപടി ഞങ്ങൾ കേട്ടത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, കേന്ദ്രം അരി വിഹിതം കുറച്ചിട്ടും, നേരത്തേ 16 ലക്ഷം മെട്രിക് ടൺ അരി കിട്ടിയപ്പോൾ മലപ്പുറത്തിനും കോഴിക്കോടിനും കൊടുത്തതിനേക്കാൾ കൂടുതൽ വിഹിതം ഇപ്പോൾ കൊടുക്കുന്നുണ്ട്.

ഡോ. എം. കെ. മുനീർ: സർ, അങ്ങ് പറഞ്ഞത് ഇവിടെ സ്തംഭനാവസ്ഥയില്ല എന്നാണല്ലോ, സ്തംഭനാവസ്ഥയില്ലാതെ 12000- ത്തോളം വരുന്ന റേഷൻ കടകൾ പൂട്ടിയിട്ടിട്ട് റേഷൻ കടയുടമകൾ എന്തിനാണ് ഇവിടെ വന്നത്. സ്തംഭനാവസ്ഥ ഉണ്ടോ ഇല്ലയോ എന്നതിന്റെ ഏറ്റവും വലിയ നിദർശനമാണ് ഈ സമരം. അതിൽ അവർ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. അവർക്ക്

അർഹതയുള്ള ഇൻസെന്റീവ് അല്ലെങ്കിൽ കോംപൻസേഷൻ കൊടുക്കാമെന്ന് പറഞ്ഞിരുന്നു. റേഷൻ കടക്കാർ തന്നെ മുന്നോട്ടു വച്ച തുകയാണ് 50 രൂപ എന്നത്. ആ തുക കൊടുക്കാമെന്ന് പറഞ്ഞിട്ട് എന്തുകൊണ്ട് ഇതുവരെ കൊടുത്തില്ല എന്ന ചോദ്യത്തിനാണ് ഞങ്ങൾ മറുപടി ചോദിച്ചത്. തുക ഇന്ന് കിട്ടും, നാളെ കിട്ടും എന്ന് പറഞ്ഞ് നീണ്ടുപോകുമ്പോൾ, നിങ്ങൾ എപ്പോഴും പറയുന്നതുപോലെ, അത് വിശ്വാസ്യയോഗ്യമല്ലെന്ന് തോന്നിയതുകൊണ്ടാണ് അവർ സമരത്തിലേയ്ക്കിറങ്ങിയത്. 20-ാം തീയതി ചർച്ച ചെയ്യുമെന്ന് പറഞ്ഞു, കാര്യങ്ങൾക്ക് പരിഹാരമുണ്ടാവുകയും റേഷൻ കടകൾ തുറക്കുകയും ചെയ്യുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. പക്ഷേ റേഷൻ കടക്കാരുടെതല്ലാത്ത പ്രശ്നമാണ് ജനങ്ങളുടെ പ്രശ്നം, അതാണ് ഞങ്ങൾക്ക് റേഷൻ കാർഡുമായി ബന്ധപ്പെട്ട് പറയാനുള്ളത്. റേഷൻ കാർഡിൽ നേരത്തേയുള്ള ബി.പി.എൽ/എ.പി.എൽ പോയതോടെ, മുൻഗണന/മുൻഗണനേതരം എന്ന രണ്ടുവിഭാഗമായി മാറി. അതിനായി ആദ്യം നിങ്ങൾ റാങ്കിംഗ് തീരുമാനിച്ചത് താലൂക്ക് തലത്തിലായിരുന്നു. താലൂക്ക് ലെവലിൽ നിന്നും പിന്നീട് സെൻട്രലൈസ്ഡാക്കിയത് എന്തിനാണ്; നമുക്ക് ശരിയായ ചിത്രം കിട്ടണമെങ്കിൽ താഴെ തട്ടിൽ നിന്നും നോക്കണ്ടേ; അങ്ങനെ ചെയ്യാത്തതിന്റെ ഫലമായിട്ടല്ലേ 12 ലക്ഷത്തോളം പരാതികൾ

വന്നിട്ടുള്ളത്?

ശ്രീ. പി. തിലോത്തമൻ: സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് താലൂക്ക് അടിസ്ഥാനത്തിൽ ഒരു റാങ്കിംഗ് നടത്തി. അതിനുശേഷം കൊടുങ്ങല്ലൂർ, എറണാകുളം എന്നിവിടങ്ങളിൽ പട്ടിക പ്രസിദ്ധീകരിച്ചു. അതുസംബന്ധിച്ച് വലിയ ചർച്ചയായിരുന്നു ഈ സഭയിൽ നടന്നിരുന്നത്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഈ വിഷയം അന്ന് ചർച്ച ചെയ്ത് അവസാനിപ്പിച്ചതായിരുന്നു. 14,000-ത്തിൽപ്പരം ആക്ഷേപങ്ങൾ കൊടുങ്ങല്ലൂരിലും 100-ൽപ്പരം ആക്ഷേപങ്ങൾ എറണാകുളത്തുമുണ്ടായി. ആ അനുഭവത്തിന്റെ പശ്ചാത്തലത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ മുഴുവൻ പാവപ്പെട്ട ആളുകളും ഈ പട്ടികയിൽ വരണമെന്ന കാഴ്ചപ്പാടോടുകൂടി റാങ്കിംഗ് പട്ടിക സംസ്ഥാനാടിസ്ഥാനത്തിൽ നടത്തിയത്. അതാണ് ശരിയായ നടപടി.

ഡോ. എം. കെ. മുനീർ: സർ, അന്ന് 14,000 എന്നുള്ളത് ഇന്ന് 12 ലക്ഷം ആയി. അങ്ങനെ വരുമ്പോൾ സ്റ്റേറ്റ് തലത്തിലുള്ള റാങ്കിംഗ് പട്ടികയിലും അപാകതയുണ്ട് എന്നാണല്ലോ സൂചിപ്പിക്കുന്നത്. ഇനി കാർഡുകൾ വിതരണം ചെയ്ത് തുടങ്ങുമ്പോൾ ഈ 12 ലക്ഷത്തെ മാറ്റി നിർത്തിക്കൊണ്ടാണോ അതോ ആ പരാതികൾ പരിഹരിച്ച ശേഷമാണോ ഇത് ചെയ്യാൻ പോകുന്നത്?

<u>ശ്രീ. പി. തിലോത്തമൻ</u>:സർ, നമ്മുടെ സംസ്ഥാനത്ത് കരട് പട്ടികയിന്മേൽ 16 ലക്ഷം ആക്ഷേപങ്ങളാണ് ഉയർന്നുവന്നത്. ആ 16 ലക്ഷം ആക്ഷേപങ്ങളും പ്രോസസ്സ് ചെയ്യുമ്പോൾ 12 ലക്ഷം പേരും അർഹരാണെന്ന് കണ്ടെത്തി. അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് പിന്നീട് ആ പട്ടിക പ്രസിദ്ധീകരിച്ചത്. ആ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും അതിന്മേൽ കമന്റ്സ് രേഖപ്പെടുത്തിയും അല്ലാതെയും നമുക്ക് തന്നിട്ടുമുണ്ട്. അതിനുശേഷവും കുറച്ച് ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ട്. ഇപ്പോൾ പട്ടികയിലുള്ള അനർഹരെ കണ്ടെത്താൻ ഡിപ്പാർട്ടുമെന്റൽ നടപടികൾ സ്വീകരിച്ച് സർക്കാർ ഉദ്യോഗസ്ഥർ ഹൗസ് ടു ഹൗസ് ക്യാമ്പയിൻ നടത്തി ലഭിച്ച വിവരങ്ങളും നമ്മുടെ മുന്നിൽ വരും. അങ്ങനെ ഇതിനെ പടിപടിയായി റെക്റ്റിഫൈ ചെയ്തുകൊണ്ട് മുന്നോട്ടുപോകാൻ കഴിയും. അതിന് കുറച്ച് സമയമെടുക്കും. ഇതിന്റെയെല്ലാം അടിസ്ഥാന കാരണം കഴിഞ്ഞ സർക്കാർ തയ്യാറാക്കി വച്ച വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കരട് പട്ടിക തയ്യാറാക്കിയത് എന്നതാണ്.

<u>ഡോ. എം. കെ. മുനീർ</u>:സർ, ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നില്ലെങ്കിലും ചർച്ച നടക്കുന്നതിലുള്ള സന്തോഷം ഞാൻ അങ്ങയെ അറിയിക്കുകയാണ്. 'വാതിൽപ്പടിൽ എത്തിക്കുക' എന്ന സംവിധാനം കൊല്ലത്ത്

നടത്തുകയുണ്ടായി. അതിലും പല പരാതികളുണ്ടായി. ഈ സംവിധാനത്തിൽ കരിമ്പട്ടികയിൽപ്പെട്ടവരും ഇതിലൊന്നും ഉൾപ്പെടാത്തവരുമൊക്കെ കയറി വരുന്നു. ഇതിന് ഏറ്റവും നല്ലത്, മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി സൂചിപ്പിച്ചതുപോലെ, കുറച്ച് ഗോഡൗണുകൾ, അതിനായി സർക്കാരിന് ധാരാളം സ്ഥലങ്ങളുണ്ട്. വികസനവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി.-യുടെ ഓക്സ്ബോ എന്നൊക്കെ പറയുന്ന സ്ഥലങ്ങൾ ഉപയോഗിച്ചുകൊണ്ട് അവിടെയൊക്കെ ഗോഡൗണുകളുണ്ടാകുന്ന ഒരു സിസ്റ്റം കൊണ്ടുവരികയാണെങ്കിൽ ഇടത്തട്ടുകാരെ ഒഴിവാക്കി നല്ല രീതിയിൽ വാതിൽപ്പടി സംവിധാനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. അളവും തൂക്കവും കൃത്യമായി നോക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങളൊക്കെ ചെയ്യേണ്ടതായിരുന്നു. പക്ഷേ അതൊന്നും ചെയ്യാതെ പിന്നെയും ആളുകൾക്ക് സ്വപ്നം മാത്രം നൽകികൊണ്ട് ഇത് യാഥാർത്ഥ്യമാക്കുന്നതിൽ പരാജയപ്പെടുകയും ഇവിടെ ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, പൊതുവിതരണ മേഖല ഏറ്റവും കൂടുതൽ

ആശ്രയിക്കുന്നത് റേഷൻ കടകളെയാണ്. കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾ കടന്നുവരുന്നതും ഏറ്റവും ശ്രദ്ധ കൊടുക്കേണ്ടതുമായ ഒരു മേഖലയിലാണ് വലിയ പ്രതിസന്ധിയുണ്ടായിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്ന വീഴ്ചകൾ നമുക്കെല്ലാം മനസിലാക്കാൻ കഴിയും. അതൊന്നും ഇവിടെ ആരും നിരസിക്കുന്നില്ല. പക്ഷേ സംസ്ഥാനത്ത് ഈ പ്രതിസന്ധി പരിഹരിക്കാൻ വേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് ചെയ്യുന്ന പ്രവർത്തനങ്ങൾ ഇവിടെ വിശദീകരിക്കുകയുണ്ടായി. അത് ഞങ്ങളെല്ലാവരും ഉൾക്കൊള്ളുന്നു. ഒരു പ്രതിസന്ധി നിലനിൽക്കുന്നു എന്നുള്ളത് വസ്തുതയാണ്. റേഷൻ വിതരണം സുഗമമായി നടക്കുന്നില്ലെന്നത് എല്ലാവരും ആശങ്കയോടെ കാണുന്ന ഒരു കാര്യമാണ്. കേരളത്തിന്റെ പൊതുവിതരണ മേഖല കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകേണ്ട സാഹചര്യങ്ങൾ കണക്കിലെടുത്ത് ഗവൺമെന്റ് ഇവിടെ ചർച്ചയ്ക്ക് തയ്യാറായാൽ അത് ഗവൺമെന്റിന് തന്നെയായിരുന്നു ഏറ്റവും കൂടുതൽ ഗുണകരമായി തീരുന്നത്. ഈ പ്രശ്നത്തിൽ ഗവൺമെന്റിന്റെ സമീപനം ജനവികാരത്തെ കണക്കിലെടുത്തുകൊണ്ട് തിരുത്താൻ തയ്യാറാകണം. റേഷൻ കാർഡ് വിതരണത്തിൽ വന്നിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ തയ്യാറാകണം. അതോടൊപ്പം റേഷൻ വിതരണം കാര്യക്ഷമമായി നടത്തണം. ഈ ആവശ്യങ്ങൾ

ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് കേരള കോൺഗ്രസ് പാർട്ടി അംഗങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ  അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)